(ഡി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

വില്ലേജ്	വർഷം
1. അയിരൂർ	- (1-11-1994)
2. ചെറുകോൽ	- (1-8-1995)
3. അങ്ങാടി	- (1-10-1994)
4. പഴവങ്ങാടി	- (1-11-1994)
5. വടശ്ശേരിക്കര	- (1-4-992)

(ബി) ഉണ്ട്.

(സി) ഈ വില്ലേജിലെ റീസർവ്വേ നടപടികൾ രണ്ടുവർഷത്തിനകം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സംസ്ഥാനത്തെ റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ ഭൂമികേരളം പദ്ധതി തുടങ്ങിയിട്ടുണ്ട്.

ഒറ്റപ്പാലം താലൂക്കിലെ റീസർവ്വേ നടപടികൾ

195 (3984) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്കിലെ റീസർവ്വേ നടപടികളിൽ വ്യാപകമായ അപാകതകൾ കടന്നുകൂടിയിട്ടുള്ളതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ബി) വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അപാകതകൾ മാറ്റി അടിയന്തിരമായി ജനങ്ങളിൽ നിന്നുള്ള കരം സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്കിൽ റീസർവ്വേ അപാകതകൾ പരിഹരിച്ച് കിട്ടുന്നതിന് ലഭിച്ച പരാതികൾ LRM ജോലികളിൽ ഉൾപ്പെടുത്തി പരിഹരിച്ച് നൽകുന്നതിന് ഒറ്റപ്പാലം തഹസീൽദാർക്ക് നൽകുകയും, ടി ജോലികൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 31-5-2010-ലെ ജി.ഒ. (എം.എസ്) 200/10/റവന്യൂ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വനം-റവന്യൂ വകുപ്പ് സംയുക്ത പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly